**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1935** **04-02-2026 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ കായിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മേൽപ്പറഞ്ഞ ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ? | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക വകുപ്പ് വഴി കുന്നത്തുനാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.**

| നം | പദ്ധതിയുടെ പേര് | പദ്ധതി തുക ലക്ഷത്തിൽ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കടയിരുപ്പ് ഗവ. ഹയർ സെക്കൻററി സ്കൂളിൽ സിന്തറ്റിക്ക് ട്രാക്ക്, മഡ് ഫുട്ബോൾ കോർട്ട് എന്നിവയുടെ നിർമ്മാണം | 300 ലക്ഷം | 15.07.2022 തീയ്യതിയിൽ 300 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. 284.35 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. M/s. കൺവെർജ് സ്പോർട്സ് ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പ്രവൃത്തിയിൽ പ്രധാനമായും 6 ലെയ്ൻ 200 മീ സിന്തറ്റിക്ക് ട്രാക്ക്, മഡ് ഫുട്ബോൾ കോർട്ട് (45 മീ x 32.4 മീ), ഡ്രെയിൻ, ഫെൻസിംഗ്, റീട്ടൈനിംഗ് വാൾ, ലോംഗ് ജംപ് പിറ്റ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ കെർബ്, റീട്ടൈനിംഗ് വാൾ, ഡ്രെയിനേജ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. സിന്തറ്റിക്ക് ട്രാക്ക് നിർമ്മാണപ്രവൃത്തിയുടെ WMM, BM, BC പ്രവൃത്തികൾ പൂർത്തീകരിച്ചു. നിലവിൽ 75% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കളവയൽ ഗ്രൗണ്ടിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ | 100 ലക്ഷം | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി കളവയൽ ഗ്രൗണ്ടിലെ കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി ബഹു. കുന്നത്ത്നാട് നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് വിഹിതമായി 50 ലക്ഷം രൂപ അനുവദിച്ച് 12.09.2024 തീയ്യതിയിലെ എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 20.12.2024 തീയ്യതിയിലെ കായിക വകുപ്പ് |

| | | | |
|---|---|---|---|
| | | | ഡയറക്ടറുടെ ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും ടി പ്രവൃത്തിയ്ക്ക് നൽകിയിരുന്നു. 91.12 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും, ശ്രീ. സാജൻ. ജെ വയലിൽ, എറണാകുളം എന്ന കരാറുകാരൻ ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളതുമാണ്. ടി പ്രവൃത്തിയിൽ പ്രധാനമായും മഡ് ഫുട്ബോൾ കോർട്ട്, സ്റ്റെപ്പ് ഗ്യാലറി, ഫെൻസിംഗ്, ഡ്രെയിൻ, ടോയ് ലെറ്റ് ബ്ലോക്ക്, റീട്ടെയിനിംഗ് വാൾ, ഫ്ളെഡ് ലൈറ്റ് അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സ്റ്റെപ്പ് ഗ്യാലറിയുടെ 95% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്, ടോയ് ലെറ്റ് ബ്ലോക്ക്, ഗ്രൗണ്ട് ലെവലിംഗ് എന്നീ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. നിലവിൽ 43% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | മുടിക്കൽ ജി.എച്ച്.എസ്.എസ് ഗ്രൗണ്ടിലെ ഫുട്ബോൾ ടർഫ് & സിന്തറ്റിക് ട്രാക്ക് നിർമ്മാണം | 300 ലക്ഷം | മുടിക്കൽ ജി.എച്ച്.എസ്.എസ് ഗ്രൗണ്ടിലെ ഫുട്ബോൾ ടർഫ് & സിന്തറ്റിക് ട്രാക്ക് നിർമ്മാണ പ്രവൃത്തിക്കായി 2025-26 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ക്രമ നം. 1470 ആയി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനായി കായിക യുവജനകാര്യ വകുപ്പ് ലഭ്യമാക്കിയ പ്രപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**